# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3288.

08-11-2019 ൽ മറുപടിയ്ക്ക്

## പാഠം ഒന്ന് പാടത്തേക്ക് പദ്ധതി

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) പുതു തലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ എല്ലാ വർഷവും നെല്ലിന്റെ ജന്മദിനമായ കന്നി മാസത്തിലെ മകം നക്ഷത്രം പൊതു വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി വകുപ്പ് 'പാഠം ഒന്ന് പാടത്തേക്ക്' എന്ന മുദ്രാവാക്യത്തോടുകൂടി സമുചിതമായി ആചരിക്കുന്നതിനു സർക്കാർ തീരുമാനിച്ചിരിക്കുന്നു. അതിൻ പ്രകാരം ഈ വർഷം 2019 സെപ്തംബർ 26 ന 'പാഠം ഒന്ന് പാടത്തേക്ക്' എന്ന പരിപാടി സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിരുന്നു. കുട്ടികൾക്ക് കൃഷിയിൽ താല്പര്യം വരുന്ന രീതിയിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന തരത്തിലുള്ള പ്രവർത്തനത്തിന്റെ ആരംഭമായിട്ടാണു ഈ പരിപാടി സംഘടിപ്പിച്ചത്. അതിനു വേണ്ട വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കാർഷിക സർവ്വകലാശാല, മറ്റു ഗവേഷണ സ്ഥാപനങ്ങൾ, പുരോഗമനാശയങ്ങൾ നടപ്പിലാക്കുന്ന കർഷകരുടെ കൃഷിയിടം എന്നിവ സന്ദർശനം, കൃഷിത്തോട്ട നിർമ്മാണം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കും. നെൽകൃഷിയുടെ വിവിധ ഘട്ടങ്ങൾ കണ്ടു മനസ്സിലാക്കാനും, സാദ്ധ്യമായവ ചെയ്തു മനസ്സിലാക്കാനും പ്രത്യേകം ശ്രദ്ധിക്കും. ആരോഗ്യകരമായ ഭക്ഷണം, ജൈവഭക്ഷണ രീതി എന്നിവയെക്കുറിച്ചുള്ള അവബോധവും പുതുതലമുറയിലുണ്ടാക്കും. |

| | | | |
|---|---|---|---|
| (ബി) | പുതുതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിന് ഇത്തരം പദ്ധതികൾ പ്രചോദനമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. കുട്ടികളിലുണ്ടാകുന്ന താല്പര്യം മറ്റു മേഖലകളിലേക്ക് താല്പര്യം വളർത്തുന്നതിനുള്ള സ്ഫുലിംഗങ്ങളാകുമെന്നത് സംശയാതീതമായ കാര്യമാണ്. പരിപാടികൾ സംഘടിപ്പിച്ച എല്ലാ സ്ഥലങ്ങളിലും വളരെ ആവേശത്തോടെയാണ് പഴയ തലമുറയും പുതു തലമുറയും ഒന്നിച്ചു കൂടി ആശയവിനിമയം നടത്തിയത്. വിത, നടീൽ, കൊയ്ത്ത്, കരനെൽകൃഷി, അതാത് സ്ഥലത്തെ നെൽകൃഷിയുടെ വിവിധ വളർച്ചാഘട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കി പരിപാടികൾ പ്രതീക്ഷിച്ചതിലും ഭംഗിയായി നടത്താൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**